പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6169 — 31.10.2011-ൽ മറുപടിയ്ക്ക്

## കോട്ടക്കൽ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം.

**ചോദ്യം**

ശ്രീ. എം. പി. അബ്ദുൾസ്സമദ് സമദാനി :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) കോട്ടക്കൽ മണ്ഡലത്തെ സമ്പൂർണ്ണമായി വൈദ്യുതീകരിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(എ) കുറ്റിപ്പുറം മണ്ഡലവും മലപ്പുറം മണ്ഡലവും വിഭജിച്ച് പുതുതായി രൂപീകരിച്ച കോട്ടയ്ക്കൽ മണ്ഡലത്തിൽ 31-03-2011 വരെ രജിസ്റ്റർ ചെയ്ത എല്ലാ വൈദ്യുതി കണക്ഷനുകളും നൽകി കഴിഞ്ഞിട്ടുണ്ട്. കൂടാതെ കണക്ഷൻ നൽകുന്നതിന് ആവശ്യമായ തുക ഒടുക്കുന്ന ഉപഭോക്താക്കൾക്കും കണക്ഷൻ നൽകി വരുന്നു. നോർമൽ വിഭാഗത്തിലുള്ള മറ്റു ഉപഭോക്താക്കൾക്ക് ടാർജറ്റ് പുതുക്കിയാൽ മാത്രമേ കണക്ഷൻ നൽകാൻ സാധിക്കുകയുള്ളൂ.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കാവശ്യമായ മെറ്റീരിയൽസിന്റെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ല.

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ബാധകമല്ല.

(ഡി) കോട്ടക്കൽ മണ്ഡലത്തെ എന്ന് സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

(ഡി) ഈ മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുന്നതിനുവേണ്ടിയുള്ള കേന്ദ്രസർക്കാർ പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന മലപ്പുറം ഉൾപ്പെടെയുള്ള 6 ജില്ലകളിൽ നടപ്പിലാക്കി വരികയാണ്. 2012 ഓടുകൂടി പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ.